A/489/11

File

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസം - സാങ്കേതികം - സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ, കളമശ്ശേരി, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, ഫിനിഷിംഗ് സ്കൂൾ എന്നിവയുടെ കേന്ദ്രീകൃത നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്

സ.ഉ.(കൈയെഴുത്ത്)നമ്പർ.123/2011/ഉ.വി.വ. തീയതി, തിരുവനന്തപുരം, 9.8.2011

പരാമർശം:- സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 27.12.10 ലെ എൽ3/51336/10-ഠഠ നമ്പർ കത്ത്

**ഉത്തരവ്**

പരാമർശിത കത്ത് മുഖേന സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പില്ലെ കളമശ്ശേരി സൂപ്പർ വൈസറി ഡവലപ്മെന്റ് സെന്റർ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, പോളിടെക്നിക്കിലെ ഫിനിഷിംഗ് സ്കൂൾ എന്നിവയ്ക്കായി ജോയിന്റ് ഡയറക്ടർ തലത്തിലുള്ള ഒരു ഓഫീസറുടെ കീഴിൽ കേന്ദ്രീകൃത നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുകയും മികച്ച ഭരണം ഉറപ്പാക്കുക വഴി അവയുടെ പദ്ധതികൾ കാര്യക്ഷമമായി നടപ്പിൽ വരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഒരു ശുപാർശ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ഉത്തരവാകുന്നു.

i) കളമശ്ശേരിയിലെ സൂപ്പർ വൈസറി ഡവലപ്മെന്റ് സെന്റർ, ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ, പോളിടെക്നിക്കിലെ ഫിനിഷിംഗ് സ്കൂൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരേണ്ടതാണ്.

ii) കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന്റെ ആസ്ഥാനം കളമശ്ശേരിയിലെ സൂപ്പർ വൈസറി ഡവലപ്മെന്റ് സെന്റർ ആയിരിക്കുന്നതും അതിനായി നിലവിൽ ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്താവുന്നതുമാണ്. ഇതിനാവശ്യമായ ഉദ്യോഗസ്ഥരെ അധിക തസ്തികകൾ നിലനിൽക്കുന്നിടത്തുനിന്ന് പുനർവിന്യാസം വഴി കണ്ടെത്തേണ്ടതാണ്.

iii) കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന്റെ കോ-ഓർഡിനേറ്ററുടെ പ്രവർത്തനം, ചുമതലകൾ എന്നിവ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്നതായിരിക്കും.

iv) കോതമംഗലം റീജിയണൽ ജോയിന്റ് ഡയറക്ടർ കോ-ഓർഡിനേറ്ററുടെ ചുമതല വഹിക്കുന്നതായിരിക്കും.

v) ഇതിനോടനുബന്ധിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ല.

vi) തസ്തികകളുടെ മാറ്റം/പുനർവിന്യാസം എന്നിവ ഡവലപ്മെന്റ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തെ യാതൊരു വിധത്തിലും ബാധിക്കാൻ പാടില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),കേരളം, തിരുവനന്തപുരം } ഈ ഉത്തരവ് ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു.
അക്കൗണ്ടന്റ് ജനറൽ (എ & ഇ),. തിരുവനന്തപുരം
സീനിയർ ജോയിന്റ് ഡയറക്ടർ(പി.എസ്), സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ കോതമംഗലം മേഖലാ കാര്യാലയം
ജോയിന്റ് ഡയറക്ടർ, സൂപ്പർ വൈസറി ഡവലപ്മെന്റ് സെന്റർ, കളമശ്ശേരി
പ്രിൻസിപ്പൽമാർ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ധനകാര്യവകുപ്പ്(28.6.2011 ലെ U.O.44/95/Edn.C2/11/Fin).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ